MAVILAYI U.P SCHOOL

KANNUR SOUTH SUB- DISTRICT

# മാവിലായി യുപി സ്കൂൾ

## അക്കാദമിക മാസ്റ്റർ പ്ലാൻ

## 2023-28

# പടവുകൾ



## മാവിലായി യുപി സ്കൂൾ

പെരളശ്ശേരി(പി.ഒ)
കണ്ണൂർ സൗത്ത് ഉപജില്ല
കണ്ണൂർ - 670621

E - Mail: mavilayiups@gmail.com

Phone: 9895560883


# അക്കാദമികമാസ്റ്റർ പ്ലാൻ

## 2023-28

# പടവുകൾ

## ആമുഖം

നിരവധി പ്രമുഖർ പഠിച്ച പടിയിറങ്ങിയ സ്ഥാപനം... അവർക്ക് മാർഗ്ഗദീപം തെളിയിച്ച പൂർവ്വ അദ്ധ്യാപകർ.... സ്നേഹസമ്പന്നരായ നാട്ടുകാർ.....രക്ഷിതാക്കൾ ഇതെല്ലാം ചേരുമ്പോഴാണ് സർവ്വജന വിഭാഗവും പഠിക്കണമെന്നും, പഠിച്ചവരെല്ലാം നാടിന് അഭിമാനമാകണമെന്നും, അറിവാണ് ആയുധമെന്നതുമായ വിശാല ലക്ഷ്യത്തിലേക്ക് നാം എത്തിച്ചേരുക.

എല്ലാവരെയും വിദ്യാലയത്തിലെത്തിക്കുന്നതിന് ആരംഭം കുറിച്ച 1957 ലെ കേരള വിദ്യാഭ്യാസ ബില്ലിന് ശേഷം കേരളം കണ്ട ഏറ്റവും മിന്നുന്ന വിദ്യാഭ്യാസ പരിഷ്കരണ പദ്ധതിയായിരുന്നു"**പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം**".

അദ്ധ്യാപക സമൂഹത്തിന്റെ ആശ്രദ്ധകൊണ്ടോ രക്ഷിതാക്കളുടെയും പൊതുസമൂഹത്തിന്റെയും വിശ്വാസ്യത കുറഞ്ഞതുകൊണ്ടോ അല്പം പിറകോട്ടടി നേരിട്ട പൊതുവിദ്യാലയങ്ങൾ (സർക്കാർ - എയ്ഡഡ് വിദ്യാലയങ്ങൾ) ഉണർവിന്റെ പാതയിലേക്ക് കുതിക്കാൻ "പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം" വഴിയൊരുക്കി. ഇതിന്റെ ഭാഗമായി എല്ലാ വിദ്യാലയങ്ങളും സ്വന്തമായ അക്കാദമിക മാസ്റ്റർ പ്ലാൻ ഉണ്ടാക്കി. അത് അനുസരിച്ച് പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തി, അതിന്റെ അടിസ്ഥാനത്തിൽ മുന്നേറുന്നു.

ഇവിടെയാണ് മാവിലായി യുപി സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാനിന്റെ പ്രസക്തി. സർക്കാർ നിർദേശപ്രകാരം എല്ലാ വിദ്യാലയങ്ങളും 2018 ൽ അക്കാദമിക മാസ്റ്റർ പ്ലാനിനു രൂപം നൽകിയപ്പോൾ നമ്മുടെ വിദ്യാലയം 2005 മുതൽ തന്നെ വിദ്യാലയ മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും അതനുസരിച്ച് പ്രവർത്തിച്ചു വരികയും ചെയ്യുന്നു.

## വിദ്യാലയ ചരിത്രം

1951 ജൂലൈ 2 ന് ആറാംതരത്തിൽ 48 കുട്ടികളുമായി ആരംഭിച്ച മാവിലായി യുപി സ്കൂളിന്റെ സ്ഥാപകൻ പരേതനായ തുരുത്തേരി കുഞ്ഞിരാമൻ നമ്പ്യാർ ആയിരുന്നു 1957- 58 ലെ വിദ്യാഭ്യാസ നിയമ പരിഷ്കരണത്തിന്റെ ഭാഗമായി എട്ടാംതരം നീക്കം ചെയ്യുകയും അഞ്ചാം തരം കൂട്ടിചേർക്കുകയും ചെയ്തതോടെ വിദ്യാലയം ഇന്നത്തേത് പോലെ 5,6,7 ക്ലാസുകളുമായി പ്രവർത്തിച്ചുവരുന്നു.

കണ്ണൂർ സൗത്ത് ഉപജില്ലയിൽ 5,6,7 ക്ലാസുകൾ മാത്രമായി പ്രവർത്തിച്ചുവരുന്ന മാവിലായി യുപി സ്കൂളിന്റെ മാനേജർ ശ്രീമതി ടി. രതി ദേവി ആണ്.

നിലവിൽ പ്രധാന അദ്ധ്യാപകന് പുറമേ എട്ട് അദ്ധ്യാപകരും, ഒരു അദ്ധ്യാപകേതര ജീവനക്കാരനും ജോലി ചെയ്തുവരുന്ന മാവിലായി യുപി സ്കൂളിൽ മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകൾക്ക് പുറമെ സംസ്കൃതം, ഉറുദു, അറബിക് എന്നീ ഭാഷകളും പഠിക്കാനുള്ള അവസരമുണ്ട്.

## അവലോകനം

അക്കാദമിക മാസ്റ്റർ പ്ലാൻ അനുസരിച്ച് പഠന പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തി നടത്തുന്ന വിദ്യാലയത്തിൽ അക്കാദമിക നിലവാരം ഉയർത്തുക എന്നത് കേവലം പഠന നേട്ടമുണ്ടാക്കുക എന്നല്ല- മറിച്ച് പഠന നേട്ടമൊരുക്കാൻ നിരവധിയായ പാഠ്യേതര പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക എന്നതാണ്.

പാഠ്യേതര പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിക്കുന്ന സ്കൂൾ കാർഷിക- പരിസ്ഥിതി- ജൈവവൈവിദ്ധ്യ ക്ലബ്ബിന്റെ ചിട്ടയായ പ്രവർത്തനങ്ങൾ, സ്കൂൾ വിദ്യാരംഗം കലാസാഹിത്യ വേദിയുടെ പ്രവർത്തനങ്ങൾ, ശാസ്ത്രരംഗം, സ്കൗട്ട് & ഗൈഡ് യൂനിറ്റുകൾ, ഭാഷാ ക്ലബ്ബുകൾ എന്നിവയുടെ പ്രവർത്തനങ്ങൾ സഹായകരമാക്കുന്നു. ഇവയുടെയൊക്കെ കൂട്ടായ്മയിൽ സ്കൂൾ പി.ടി.എ, എസ്.എസ്.ജി, എസ്,ആർ,ജി എന്നീ ഗ്രൂപ്പുകളുടെ ചർച്ചകളിലും ചിന്തകളിലും വിരിഞ്ഞതാണ് അക്ഷരത്തോണിയും, പറുദീസയും,വിഷൻ -2020, ഹരിത വിദ്യാലയം എന്നിങ്ങനെ.

## നേട്ടങ്ങൾ

(വിഷൻ - 2020 ൽ ഉൾപ്പെടുത്തി 2007 ൽ പ്ലാൻ ചെയ്തത് മുതൽ 2018 ലെ അക്കാദമിക മാസ്റ്റർ പ്ലാൻ പദ്ധതി ഉൾപ്പെടെ)

- സ്കൂൾ സൗന്ദര്യവൽക്കരണം-2020ൽ - 2020 ന് പകരം 2200 ൽ അധികം വൃക്ഷത്തൈകൾ (തണൽ മരങ്ങളും ഫലവൃക്ഷങ്ങളും) വീട്ടുവളപ്പിലും, സ്കൂൾ കോമ്പൗണ്ടിലും, പാതയോരങ്ങളിലും, പൊതു സ്ഥാപനങ്ങളുടെ മുറ്റത്തുമായി നട്ടുപിടിപ്പിച്ചു

- സ്കൂൾ ജൈവവൈവിധ്യ (സസ്യവൈവിധ്യ) രജിസ്റ്റർ തയ്യാറാക്കി.

- ശാന്തിവനം ജൈവ ഉദ്യാനം നിലവിൽ വന്നു.

- ആധുനിക സൗകര്യമുള്ള അടുക്കള സ്ഥാപിച്ചു

- വാതിൽപ്പുറ പഠനം സാധ്യമാക്കുന്ന നിലയിൽ "പറുദീസ" ഓപ്പൺ ക്ലാസ്സ് റൂം 15/8 /2018 ൽ സ്ഥാപിച്ചു

- വായന സ്വാഭാവികമാക്കുന്നതിന് "അക്ഷരത്തോണി"- വായനപ്പുര 31/3/2019 ൽ നിലവിൽ വന്നു.

- പഠിക്കാനാവശ്യമായ ഇരിപ്പിടം ഒരുക്കുന്നതിനും – ശാസ്ത്ര പഠനത്തിനുമായി രണ്ട് ക്ലാസ് മുറികൾ ഉൾപ്പെടുന്ന സ്കൂൾ ന്യൂ ബ്ലോക്ക് 02/04/2023 ൽ നിലവിൽ വന്നു.

- ലൈബ്രറി പുസ്തകങ്ങൾ സൂക്ഷിക്കാൻ പ്രത്യേക അലമാര സ്പോൺസർഷിപ്പ് ൽ ലഭിച്ചു.

- ക്ലാസ്സ് റൂം ലൈബ്രറി യാഥാർത്ഥ്യമായി 100 ബുക്ക് റാക്കുകൾ സ്പോൺസർഷിപ്പിലൂടെ ലഭിച്ചു.

- പ്രിന്റർ അടുക്കള ഉപകരണങ്ങൾ എന്നിവ ലഭിച്ചു.

- ആവശ്യത്തിന് കാർഷിക ഉപകരണങ്ങൾ ലഭിച്ചു.

## ഭൗതികേതര നേട്ടങ്ങൾ

വിദ്യാലയത്തിൽ അക്കാദമിക വിജയത്തിന് അനിവാര്യമായ ഭൗതിക നിലവാരത്തിന്റെ ഉയർച്ച ഇനിയും വേണ്ടതുണ്ട്. എന്നാൽ നിലവിൽ ഉണ്ടായ ഭൗതിക നേട്ടങ്ങൾ കൊണ്ട് തന്നെയാണ് വിദ്യാലയം ഇന്നത്തെ രീതിയിലുള്ള അക്കാദമിക വിജയത്തിലെത്തിയത്.

- ➢ വിദ്യാരംഗം വിജയ കിരീടം ചൂടി മുന്നേറുന്നു.
- ➢ മികച്ച USS വിജയം.
- ➢ സംസ്കൃതം,അറബിക് സ്കോളർഷിപ്പുകളിൽ 100% വിജയം.
- ➢ ഇഖ്ബാൽ ടാലന്റ് എക്സാം നേട്ടം.
- ➢ ശാസ്ത്രരംഗം എണ്ണപ്പെട്ട രീതിയിൽ പ്രവർത്തിച്ച് മുന്നേറുന്നു.
- ➢ കുട്ടിക്കൊരു ലൈബ്രറി എന്ന വിദ്യാരംഗം പരിപാടിയിലൂടെ കുട്ടികൾ മികച്ച വായനക്കാരായി.
- ➢ മികച്ച വായനക്കാർ ഏറ്റവും മികച്ച കഥാ- കവിതാ രചനകൾ നടത്തി ജില്ലയിൽ തിളങ്ങി.
- ➢ സാഹിത്യവാസന കലയിലേക്കും കലയിൽ നിന്ന് കലാമേളയിലേക്കും അതുവഴി കലാമേളയിലും സംസ്കൃതോത്സവത്തിലും ചാമ്പ്യന്മാരാക്കുന്നു.
- ➢ ശാസ്ത്ര-നിരീക്ഷണ- പരീക്ഷണങ്ങൾ നടത്തി കുട്ടികൾ ശാസ്ത്രമേളയിൽ തിളങ്ങുന്നു.

പച്ചക്കറി കൃഷിയിൽ വച്ച് വിജയഗാഥ രചിച്ച് മുന്നേറുന്ന Little Farmers Seed Club നിരവധി പുരസ്കാരങ്ങൾ നേടിവരുന്നു.

## വിദ്യാലയ വികസന കാഴ്ചപ്പാട്

ശാന്തിവനം- ജൈവപാർക്ക്, പറുദീസ, അക്ഷരത്തോണി എല്ലാം ചേർന്ന് കുട്ടികളുടെ മനസ്സിൽ സർഗ്ഗവാസന വിളഞ്ഞുനിൽക്കുന്ന അന്തരീക്ഷം സ്കൂൾ കോമ്പൗണ്ടിൽ ആകെ സൃഷ്ടിക്കുക അതുവഴി പഠനം എന്നത് സ്വാഭാവികമായ പ്രക്രിയ ആയി മാറുക എന്നതാണ് വിദ്യാലയ വികസന കാഴ്ചപ്പാട്.

മണ്ണും മനുഷ്യനും ചേർന്ന് സൃഷ്ടിക്കുന്ന അസാധാരണമായ **മാവിലായി മാതൃകയാണ് VISION 2030** എന്ന സ്കൂൾ വികസന പദ്ധതി ലക്ഷ്യം വെക്കുന്നത്. അതാത് വർഷം നടപ്പിലാക്കുന്ന ഹ്രസ്വകാല പദ്ധതികളും, 2030 ആകുമ്പോൾ എത്തിച്ചേരേണ്ടുന്ന ദീർഘകാല ലക്ഷ്യവും ചേർന്ന് വിദ്യാലയത്തെ സ്വപ്ന വിദ്യാലയമാക്കുമെന്നത് തീർച്ച.

❖ VISION 2030

2030 ൽ വിദ്യാലയം എത്തേണ്ടതും നേടേണ്ടതുമായ ഭൗതിക - അക്കാദമിക പ്രവർത്തനങ്ങൾ ചർച്ച ചെയ്ത് രൂപം നൽകിയ പദ്ധതികളുടെ ആകെ രൂപമാണ് VISION 2030.

## VISION 2030 (അക്കാദമികം)

- പാർശ്വവൽക്കരിക്കപ്പെടാതെ എല്ലാ കുട്ടികളും മികച്ച പഠിതാക്കളും വിജയികളും ആയിത്തീരുക.
- അതാത് ക്ലാസ്സ് നിലവാരത്തിലും മികച്ച വായനക്കാർ ആവുക.
- അതാത് ക്ലാസ്സ് നിലവാരത്തിലും മുകളിലെ ഭാഷാ പരിജ്ഞാനം (മലയാളം, ഇംഗ്ലീഷ്,ഹിന്ദി) കൈവരിക്കുക.
- എല്ലാവരും ശാസ്ത്രജ്ഞന്മാർ

  (എന്തെങ്കിലും നൂതന ആശയം – കണ്ടുപിടിത്തം - പരീക്ഷണം - കുട്ടികൾ സ്വയം ചെയ്യുക. "അമ്മമരം -നന്മ മരം" തുടരുക.
- കുട്ടി മാസിക (എല്ലാ വർഷവും കുട്ടികളുടെ രചന ഉൾപ്പെടുത്തി അച്ചടിച്ച പതിപ്പ് പ്രസിദ്ധീകരിക്കുക.)
- ഭാഷാ അസംബ്ലി (മലയാളം, ഇംഗ്ലീഷ്, ഹിന്ദി, സംസ്കൃതം, ഉറുദു, അറബിക് ഭാഷയിൽ നിരന്തരം അസംബ്ലി ചേരുക)
- ഗണിത ലാബ്, ഗണിത പാർക്ക്
- ശാസ്ത്ര ലാബ്, ശാസ്ത്ര പാർക്ക്
- സീഡ് പാർക്ക്
- ജൈവപന്തൽ, ജൈവവേലി
- ചുമർചിത്രങ്ങൾ
- ഹരിതചട്ടം - വീട്ടിലും നാട്ടിലും
- വീട്ടിൽ ഒരു വേപ്പ്
- നല്ല ഭക്ഷണ ശീലങ്ങൾ

  Junk Food ഒഴിവാക്കി കുട്ടികളിൽ നല്ല ആരോഗ്യ ശീലം ഉറപ്പിക്കാൻ നിരന്തരം ബോധവൽക്കരണം നടത്തുന്നു.

# VISION – 2030

## പദ്ധതികൾ

1. A word for a Day – A Sentence for a Week
2. Kutti Quiz
3. Tele Quiz
4. BELL (Basic English Language Learning)
5. BEES
6. Cycling for Girls
7. Swimming for All
8. കുട്ടിക്കൊരു ലൈബ്രറി
9. ഭാഷാ അസംബ്ലി
10. കുട്ടി പുസ്തകം (അച്ചടിച്ച പതിപ്പ്)
11. എന്റെ ഗ്രാമം എന്റെ അഭിമാനം
12. സോപ്പുപെട്ടി
13. Honesty Shop
14. കുട്ടിത്തോട്ടം
15. സുൽത്താൻ തോട്ടം
16. ഗണിത പാർക്ക്
17. ശാസ്ത്ര പാർക്ക്
18. Study Timetable
19. Monthly Test
20. ജൈവവൈവിധ്യ രെജിസ്ററർ പുതുക്കൽ
21. ശാന്തിവനം – Eco- Park
22. Seed Park
23. സഹവാസ ക്യാമ്പുകൾ
24. ആട്ടം
25. Parenting (High Tech Parents)
26. സ്കൂൾ നഴ്സറി
27. നാട്ടുമാന്തോട്ടം
28. നല്ല ഭക്ഷണ ശീലങ്ങൾ
29. Health is Wealth

## 1. A word For A Day - & A Sentence For a Week

ഒരു ദിവസം ഒരു ഇംഗ്ലീഷ് പദം അതിന്റെ മലയാളം, ഹിന്ദി, അറബിക്, ഉറുദു, സംസ്കൃതം തർജ്ജമ എഴുതി പ്രദർശിപ്പിക്കുക. കുട്ടികൾ പുസ്തകരൂപത്തിൽ എഴുതിയെടുത്ത് പഠിക്കട്ടെ.

- വിലയിരുത്തൽ : മൂന്നുമാസം കൂടുമ്പോൾ.
- ആഴ്ചയിൽ ഒരു വാചകം ഇതേ രീതിയിൽ ചെയ്യുന്നു. വിലയിരുത്തുന്നു.

## 2. Tele Quiz:

നിശ്ചിത എണ്ണം ചോദ്യ - ഉത്തരങ്ങൾ അച്ചടിച്ച് കുട്ടികൾക്ക് നൽകി ഒരാഴ്ച കഴിഞ്ഞ് നിശ്ചിത സമയം അറിയിച്ച് കുട്ടികളെ ഫോണിൽ വിളിച്ച് നിശ്ചിത എണ്ണം ക്വിസ് ചോദ്യങ്ങൾ ചോദിക്കുന്നു. വിലയിരുത്തി സ്കോർ നൽകുന്നു. മുഴുവൻ മാർക്ക് കിട്ടുന്ന കുട്ടികളെ വച്ച് സ്കൂൾ തല ക്വിസ്സ് നടത്തുന്നു.

- പ്രതിമാസം ഒരു "ടെലി ക്വിസ്" നടത്തുന്നു - ഓരോ മാസവും ഓരോ വിഷയം എന്ന രീതിയിൽ.

കുട്ടികൾ, രക്ഷിതാക്കൾ, അധ്യാപകർ എന്നിവർ നല്ല ബന്ധം ഉണ്ടാകാൻ ഇതുവഴി സാധിക്കുന്നു.

3. Kutti Quiz

തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികൾ ക്വിസ് മാസ്റ്റർ ആകുന്ന പരിപാടി. പ്രതിമാസം ഒന്ന്.

4. BELL (Basic English Language Learning)

NB: വിശദാംശങ്ങൾ English Action Plan ൽ

5. BEES (Basic English Enrichment tricks through stories)

(വിശദമായ പദ്ധതി പേജിൽ)

6. Cycling for Girls

കുട്ടികളിൽ കായിക ക്ഷമത വർദ്ധിപ്പിക്കുന്നതിനും നേതൃപാടവം നിലനിർത്തുന്നതിനും ഉതകുന്ന പദ്ധതി.

വിദ്യാലയത്തിലെ കാർഷിക - പരിസ്ഥിതി ക്ലബ്ബായ " Little Farmers Seed Club " ൻറെ പ്രവർത്തന മികവിന് കണ്ണൂർ മാതൃഭൂമി സീഡ് നൽകിയ സൈക്കിൾ ഉപയോഗിച്ച് അധ്യാപകരുടെയും പരിശീലനം ലഭിച്ച കുട്ടികളെയും പ്രയോജനപ്പെടുത്തി എല്ലാ പെൺകുട്ടികൾക്കും സൈക്കിൾ പരിശീലനം ഉറപ്പുവരുത്തുക.

## Swimming for All

2010 ൽ ആരംഭിച്ച് കോവിഡ് കാലത്തിനു മുന്നേ വരെ കൃത്യമായി നടത്തിയ പദ്ധതി. കഴിഞ്ഞ മൂന്ന് വർഷമായി നടത്താൻ സാധിച്ചില്ല.

നാട്ടിലെ സന്നദ്ധസേനകൾ സ്വയം സഹായ സംഘങ്ങൾ എന്നിവയുടെ നേതൃത്വത്തിൽ നീന്തൽ പരിശീലനം ആഗ്രഹിക്കുന്ന കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകുക, സമീപത്തെ പൊതു കുളങ്ങൾ പ്രയോജനപ്പെടുത്തി കുട്ടികളെ ഗ്രൂപ്പുകളായി പരിപാടി നടപ്പിലാക്കുന്നു.

## 8. കുട്ടിക്കൊരു ലൈബ്രറി

പ്രാദേശിക വായനശാലകളുമായി ബന്ധപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതി. ഓരോ കുട്ടിയും അവരവരുടെ പ്രദേശത്തെ വായനശാല ഗ്രൂപ്പിൽ അംഗമായി - അത്തരം കുട്ടിക്കൂട്ടങ്ങൾ വായനശാല കേന്ദ്രീകരിച്ച് പുസ്തകം എടുക്കുകയും വായിക്കുകയും തുടർ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്ന പദ്ധതി.

(2022- 23 അദ്ധ്യയന വർഷം നടത്തിയ പ്രസ്തുത പദ്ധതിയുടെ ഭാഗമായി കുട്ടികൾ വിവിധ വായനശാല ഗ്രൂപ്പുകളിൽ സജീവ സാന്നിദ്ധ്യവും മികച്ച വായനക്കാരും ആയിട്ടുണ്ട്.)

## 9. ഭാഷാ അസംബ്ലി

നമ്മുടെ വിദ്യാലയത്തിൽ മലയാളം, ഇംഗ്ലീഷ്, ഹിന്ദി, സംസ്കൃതം അറബിക് ഉർദ്ദു എന്നിങ്ങനെ ആറുഭാഷകൾ പഠിക്കാൻ അവസരമുണ്ട് എന്നതിനാൽ എല്ലാ ഭാഷയിലും അസംബ്ലി സംഘടിപ്പിക്കുന്നതിലൂടെ കുട്ടികൾക്ക് എല്ലാ ഭാഷയും കേൾക്കാനും അത് മനസ്സിലാക്കാനും സാധിക്കുന്നു.

- ഓരോ ഭാഷയും കൈകാര്യം ചെയ്യുന്ന അദ്ധ്യാപിക / അദ്ധ്യാപകൻ

അതത് ഭാഷാ അസംബ്ലിക്ക് നേതൃത്വം വഹിക്കുകയും കുട്ടികൾ അസംബ്ലി കൈകാര്യം ചെയ്യുകയും ചെയ്യുന്നു.

## 10. കുട്ടിപുസ്തകം

കുട്ടിക്കൊരു ലൈബ്രറി പദ്ധതി പ്രകാരം കുട്ടികൾ വായിച്ചതിന്റെ അടിസ്ഥാനത്തിൽ കുട്ടികൾ നടത്തുന്ന രചനകൾ ഉൾപ്പെടുത്തി അച്ചടിച്ച പുസ്തകം (കഥ/ കവിത) പ്രസിദ്ധീകരിക്കുന്ന പദ്ധതി.

## 11. എന്റെ ഗ്രാമം.........എന്റെ അഭിമാനം

പ്രസ്തുത പദ്ധതിയുടെ വിശദമായ പ്രത്യേകം പദ്ധതി റിപ്പോർട്ട് കൂടെ ചേർക്കുന്നു.

## 12. സോപ്പുപെട്ടി (Little Farmers Seed Club)

എന്റെ ഗ്രാമം എന്റെ അഭിമാനം എന്ന പദ്ധതിയിലെ ഏറ്റവും പ്രധാനപ്പെട്ട ഉത്പന്നമാണ് "കുട്ടിപ്പട്ടാളം" നിർമ്മിക്കുന്ന സ്വദേശി സോപ്പ് ആയ "കുട്ടി സോപ്പ്".

- കുട്ടികൾ നിർമ്മിക്കുന്ന സോപ്പ് കുട്ടികളുടെ കൈകളിലൂടെ കുട്ടികളുടെ വീട്ടുകളിലും അവരുടെ ബന്ധുവീട്ടുകളിലും എത്തിക്കാൻ ഈ പദ്ധതി പ്രയോജനപ്പെടും.
- വിദ്യാലയത്തിൽ നിശ്ചിത സ്ഥലത്ത് ഒരു പെട്ടിയിൽ നിശ്ചിത എണ്ണം കുട്ടിസോപ്പ് വില്പനക്കായി വെയ്ക്കുന്നു.
- ഒരു രജിസ്റ്റർ സൂക്ഷിക്കുന്നു.
- കുട്ടികൾ അവർക്ക് ആവശ്യമുള്ള സോപ്പ് എടുത്ത് അതിന് ആവശ്യമായ പൈസ ബോക്സിൽ നിക്ഷേപിച്ച് രജിസ്റ്ററിൽ സോപ്പ് എടുത്ത കുട്ടിയുടെ പേര്, പൈസ എന്നിവ രേഖപ്പെടുത്തുന്നു.
- സ്വദേശി ബോധത്തോടൊപ്പം സത്യസന്ധതയും വളർത്താൻ അധ്യാപകരുടെ ഇടപെടലിലൂടെ ഈ പദ്ധതി സാധ്യമാക്കുന്നു.

## 13. Honesty shop (Little Farmers Seed club)

- സോപ്പുപെട്ടിക്ക് സമാനമായ പദ്ധതി.
- കുട്ടികൾക്ക് ഉപയോഗപ്രദമായ പെൻ, പെൻസിൽ എന്നിവയും അവ സ്വതന്ത്രമായി എടുത്ത് ഉപയോഗിച്ച് പെട്ടിയിൽ പൈസ നിക്ഷേപിക്കാനും നിർദ്ദേശിക്കുന്ന പദ്ധതി.

## 14. കുട്ടിത്തോട്ടം (Little Farmers Seed club)

മാവിലായി യുപി സ്കൂൾ ചെയ്തുവരുന്ന ഏറ്റവും മികച്ച അക്കാദമികേതര പ്രവർത്തനമാണ് സ്കൂൾ പച്ചക്കറിത്തോട്ടം.

സ്കൂൾ പച്ചക്കറി തോട്ടം, നിർമ്മാണം, പരിപാലനം എന്നിവ മാവിലായി യുപി സ്കൂൾ കാർഷിക - പരിസ്ഥിതി ക്ലബ്ബായ "Little Farmers Seed Club" ആണ് ചെയ്തുവരുന്നത്.

കുട്ടിത്തോട്ടത്തിന്റെ നടത്തിപ്പ് seed police ആയ "കുട്ടിപ്പട്ടാളം" ഏറ്റെടുക്കുന്നു. വർഷം ഉടനീളം സ്കൂൾ ഉച്ചഭക്ഷണ പദ്ധതിക്ക് മാറ്റുകൂട്ടാൻ കുട്ടിത്തോട്ടം പ്രയോജനപ്പെടുന്നു.

## 15. സുൽത്താൻ തോട്ടം

2022 ജൂലൈ 5 ന് നടീൽ ആരംഭിച്ച ഫല വൃക്ഷത്തോട്ടം. 2025ൽ പൂർണ്ണ വളർച്ചയിലെത്തിക്കാനുള്ള പദ്ധതി. പ്രസ്തുത തോട്ടത്തിൽ സപ്പോട്ട, മാവ്, പ്ലാവ്,ചാമ്പക്ക, സ്റ്റാർ ഫ്രൂട്ട്, ചെറി, ലവ് ലോലിക്ക, ഗ്രീൻ ചാമ്പ, ആപ്പിൾ ചാമ്പ, മുരിങ്ങ, ജാതിക്ക, ബ്ലാക്ക്ബെറി, വിയറ്റ്നാം ഏർലി, റെഡ് പ്ലാവ്, റംബൂട്ടാൻ എന്നിവ നിലവിൽ ഉണ്ട്. വരും ദിനങ്ങളിൽ ഫലവൃക്ഷങ്ങളുടെ എണ്ണം വിപുലപ്പെടുത്താൻ ഈ പദ്ധതി ലക്ഷ്യം വയ്ക്കുന്നു.

## 16. ഗണിത പാർക്ക്

സ്കൂൾ പുതിയ ബ്ലോക്കിന് മുൻവശം ഒരുക്കിയ സുൽത്താൻ തോട്ടത്തിലെ ഫലവൃക്ഷത്തൈകൾക്ക് ഓരോന്നിനും ഗണിതരൂപങ്ങൾ വച്ച് തറകൾ കെട്ടി സംരക്ഷിക്കുന്ന പരിപാടി.

## 17. ശാസ്ത്ര പാർക്ക്

ശാസ്ത്ര ഉപകരണങ്ങൾ പരമാവധി ശേഖരിച്ച് ക്രമീകരിച്ച് ശാസ്ത്ര പാർക്ക് ഒരുക്കുന്ന പദ്ധതി. 2025 ൽ പൂർത്തീകരിച്ച് വ്യത്യസ്ത തരത്തിലുള്ള പാർക്ക് ക്രമീകരിക്കുന്നു.

## 18. Study Time Table

കഴിഞ്ഞ അക്കാദമിക മാസ്റ്റർ പ്ലാനിൽ തന്നെ ചെയ്തുവരുന്ന പരിപാടി.

കുട്ടികൾ കൃത്യതയോടെ വായിക്കുന്നതിന് സാഹചര്യം ഒരുക്കുന്നതിന് സ്റ്റഡി ടൈംടേബിൾ സഹായകരമാക്കുന്നു.

## 19. Monthly Test

എടുത്ത പാഠഭാഗം ഉൾപ്പെടുത്തി അച്ചടിച്ച ചോദ്യ കടലാസ് വെച്ച് പ്രതിമാസ ടെസ്റ്റ് നടത്തി കുട്ടികളുടെ പഠന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്ന പദ്ധതി.

## 20.ജൈവവൈവിധ്യ രജിസ്റ്റർ

സ്കൂൾ കോമ്പൗണ്ടിലുള്ള വൃക്ഷങ്ങളുടെ പേര്, ശാസ്ത്രനാമം എന്നിവ എഴുതി പ്രദർശിപ്പിക്കുന്നു.

സ്കൂൾ പഠനം കഴിഞ്ഞ് പുറത്തിറങ്ങുന്ന കുട്ടികൾ 20 - 30 വർഷങ്ങൾ ഏത് സാഹചര്യത്തിലും കണ്ടാൽ തിരിച്ചറിയുന്ന നിലയിൽ എത്തുന്നു. രജിസ്റ്റർ അച്ചടിച്ച് കുട്ടികൾക്ക് റഫറൻസിന് നൽകുന്നു.

## 21. ശാന്തിവനം

ജൈവവൈവിധ്യ പാർക്ക് പ്രസ്തുത പാർക്കുമായി ബന്ധപ്പെടുത്തിയാണ് ജൈവ വൈവിധ്യരജിസ്റ്റർ തയ്യാറാക്കുന്നത്.

## 22. Seed Park

സ്കൂൾ പുതിയ ബ്ലോക്കിന് മുന്നിൽ വിവിധ രൂപങ്ങൾ മരച്ചുവട്ടിലുള്ള ഇരിപ്പിടം എന്നിവ തയ്യാറാക്കി സീഡ് പാർക്ക് തയ്യാറാക്കുന്നു. 2025 ൽ ഏതാണ്ട് തയ്യാറാക്കാൻ പാകത്തിൽ പദ്ധതിക്ക് രൂപം നൽകുന്നു.

## 23. സഹവാസ ക്യാമ്പുകൾ

കുട്ടികളുടെ സർവ്വതോൻ മുഖമായ വളർച്ചയ്ക്ക് സഹവാസ ക്യാമ്പുകൾ ഏറെ ഗുണം ചെയ്യുന്നു എന്നതിനാൽ വൈവിധ്യമാർന്ന ക്യാമ്പുകൾ നടത്തിവരുന്ന പദ്ധതി.

## 24. ആട്ടം

രചന, അഭിനയം,കളികൾ ഉപകരണ സംഗീതം എന്നിവയുടെ താല്പര്യം നോക്കി ശില്പശാലയും തുടർ പരിശീലനവും നൽകുന്ന ദീർഘകാല പദ്ധതി.

## 25. Parenting (High Tech Parents)

ആധുനികകാലത്തെ കുട്ടികളുടെ പഠനകാര്യങ്ങൾ മികച്ചതാക്കുന്നതിന് രക്ഷാകർതൃ ശാക്തീകരണം അനിവാര്യമാണ്. രക്ഷിതാക്കൾക്ക് ക്ലാസ് പിടിഎ യോഗത്തിൽ കൃത്യമായ ബോധവൽക്കരണം നൽകിവരുന്ന പദ്ധതി.

- വിവര സാങ്കേതികവിദ്യ, സ്മാർട്ട്ഫോൺ ഉപയോഗം എന്നിവയുടെ ഉപയോഗം, പ്രയോഗം എന്നിവയ്ക്ക് കുട്ടികളെക്കാൾ അറിവ് രക്ഷിതാക്കൾക്ക് ഉണ്ടാകേണ്ടതുണ്ട്. അല്ലാത്തപക്ഷം കുട്ടികൾ നവമാധ്യമങ്ങളിൽ ഇടപെടുകയും രക്ഷിതാക്കൾ വഞ്ചിതരാകുകയും ചെയ്യും എന്നതിനാൽ ഹൈടെക് പാരന്റിങ് എന്ന പദ്ധതിയിലൂടെ വിവിധ ആപ്ലിക്കേഷൻ രക്ഷിതാക്കളെ പരിശീലിപ്പിക്കുന്ന പദ്ധതി. സ്കൂൾ ഐ ടി കോ ഓർഡിനേറ്റർ ഇതിന്റെ പദ്ധതി നടത്തിപ്പിന് മുന്നിൽ ഉണ്ടാകുന്ന രീതിയിൽ പദ്ധതി രൂപം നൽകുന്നു.

### 26. സ്കൂൾ നഴ്സറി (വൃക്ഷത്തൈ ഉത്പാദനം)

കേരള വനം വകുപ്പുമായി സഹകരിച്ച് ആയിരം വൃക്ഷത്തൈകൾ ഉത്പാദിപ്പിച്ച് കുട്ടികൾക്കും നാട്ടിലും വിതരണം ചെയ്യുന്ന പദ്ധതി നടത്തിപ്പ് Little Farmers Seed Club ന്.

### 27. നാട്ടുമാന്തോട്ടം

Little Farmers Seed Club ഏറ്റെടുത്ത് നടത്തുന്ന പദ്ധതി. പെരളശ്ശേരി കൃഷിഭവനുമായി സഹകരിച്ച് നടത്തുന്ന പദ്ധതി പ്രകാരം പഞ്ചായത്ത് പൊതുശ്മശാനത്തിൽ നാട്ടുമാവുകൾ നട്ടു സംരക്ഷിക്കുന്ന പദ്ധതി.

**പദ്ധതിയുടെ പേര്**

## Health is Wealth

**ആമുഖം :**

കോവിഡ്കാലം നമ്മുടെ മക്കൾക്ക് നഷ്ടപ്പെട്ട ഏറ്റവും പ്രധാന കാര്യം കായിക വിനോദത്തിന്റെ അഭാവം ഒപ്പം മുറിക്കുള്ളിൽ ഒതുങ്ങിയതിന്റെ ഫലമായി കുട്ടികൾ വ്യായാമം എന്നത് പൂർണമായി കൈവിട്ട് മൊബൈൽ ഫോൺ, ടെലിവിഷൻ എന്നിവയുടെ അടിമകളായി കുട്ടികൾ മാറി. ഇത് അവരുടെ കായിക ക്ഷമതയെ വല്ലാതെ ബാധിച്ചു.

കായിക ക്ഷമതയില്ലാത്ത പുതുതലമുറ സമൂഹനന്മയിലെത്തില്ല എന്ന തിരിച്ചറിവാണ് ഈ പ്രോജക്ടിന്റെ പിറവിക്ക് നിദാനമായത്.

**ലക്ഷ്യം :**

- ആരോഗ്യമുള്ള പുതുതലമുറയെ സൃഷ്ടിക്കുക.
- പഠനവും വ്യായാമവും ചേർത്ത് നിർത്തി കായിക ക്ഷമത വർദ്ധിപ്പിക്കുക.

## പദ്ധതി നടത്തിപ്പ് - രീതി

അക്കാദമിക മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി ഏതാണ്ട് 5 വർഷത്തെ പ്രവർത്തന പദ്ധതി 2023 - 24 അധ്യയന വർഷം അഞ്ചാം തരം കുട്ടികളിൽ മാതൃകപദ്ധതിയായി നടത്താൻ പാകത്തിൽ പുനക്രമീകരിച്ചു.

- അഞ്ചാം തരത്തിലെ എല്ലാ കുട്ടികൾക്കും ഓരോ സ്കിപ്പിംഗ് റോപ്പ് വാങ്ങി നൽകുന്നു.
- ടോട്ടോച്ചാന്റെ വിദ്യാലയത്തിൽ ഓരോ കുട്ടികളും ഓരോ മരം എന്നപോലെ മാവിലായി യു പി സ്കൂളിലെ അഞ്ചാംതരത്തിലെ ഓരോ കുട്ടിക്കും ഓരോ സ്കിപ്പിംഗ് റോപ്പ്.
- രാവിലെ ക്ലാസിൽ വന്നാൽ കുട്ടികൾ അവരവരുടെ സ്കിപ്പിംഗ് റോപ്പ് എടുത്ത് 5 മിനിറ്റ് വ്യായാമം ചെയ്ത് അവരവർക്ക് നിർദ്ദേശിച്ച സ്ഥാനത്ത് സ്കിപ്പിംഗ് റോപ്പ് സൂക്ഷിക്കുന്നു.
- ഇന്റർവെൽ സമയത്തിനിടയിൽ 5 മിനിറ്റ് "സ്കിപ്പിംഗ് ബെൽ "നൽകുന്നു. ഈ ബെൽ കേട്ടാൽ സ്കിപ്പിംഗ് റോപ്പ് ഉപയോഗിച്ച് ഒരുവട്ടം രണ്ട് വട്ടം സ്കൂൾ ഗ്രൗണ്ടിൽ സഞ്ചരിക്കുന്നു തിരിച്ച് ക്ലാസിൽ സുരക്ഷിതമായി സ്കിപ്പിംഗ് റോപ്പ് സൂക്ഷിക്കുന്നു.

- ഉച്ചഭക്ഷണം വാങ്ങിക്കാൻ പോകുന്ന സന്ദർഭം ഒഴികെ പരമാവധി എല്ലാ സന്ദർഭങ്ങളിലും കുട്ടികൾ സ്കിപ്പിംഗ് റോപ്പ് ഉപയോഗിക്കുന്നു.
- പ്രതിവാര അവലോകനം നടത്തി പ്രവർത്തനങ്ങൾ എസ് ആർ ജിയിൽ അവതരിപ്പിക്കുന്നു. /കായിക അധ്യാപികയുടെ പിന്തുണയോടെ.
- സ്കിപ്പിംഗ് റോപ്പ് സൂക്ഷിപ്പ് ഉപയോഗം എന്നിവ നിരീക്ഷിക്കാനും നിയന്ത്രിക്കാനും കുട്ടികളെ സ്കിപ്പിംഗ് ടീം ആക്കുന്നു അധ്യാപകർക്ക് ചുമതല നൽകുന്നു.
- 2023- 24 ഈ പദ്ധതി അഞ്ചാംതരം വിദ്യാർഥികളെ ലക്ഷ്യം വെച്ച് നടപ്പിലാക്കുന്നു. സാധ്യത നോക്കി ആറ് ഏഴ് ക്ലാസുകളിൽ വ്യാപിപ്പിക്കാൻ സാധിക്കണം.
- സ്കൂൾ കാർഷിക പരിസ്ഥിതി ജൈവവൈവിധ്യ ക്ലബ്ബായ "ലിറ്റിൽ ഫാർമേഴ്സ് സീഡ്" ക്ലബ്ബിന്റെ സീഡ് പോലീസായ "കുട്ടിപ്പട്ടാളം" ഈ പദ്ധതിയുടെ നേതൃസ്ഥാനത്ത് നിൽക്കുന്നു. സ്കൂൾ സ്കൗട്ട് ആൻഡ് ഗൈഡ് യൂണിറ്റും പിന്തുണയുമായി ഉണ്ടാകുന്നു.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ആക്ഷൻപ്ലാൻ 2023-24

## പേര് : അക്ഷരത്തോണിയേറി

**ആമുഖം :**

സംസാരിക്കാൻ ഭാഷ വേണമെന്നില്ല. എന്നാൽ സംസാരത്തിനൊരു ഭാഷയുണ്ട്.......പരസ്പരം മനസ്സിലാക്കുന്ന, പരസ്പരം തിരിച്ചറിയുന്ന ഒരു ഭാഷ. എന്നാൽ ഭാഷ പ്രയോഗത്തിൽ വരുന്നത് വായനയിലൂടെയാണ്. പ്രത്യേകിച്ച് മാതൃഭാഷയിലെ വായനയിലൂടെ. മാതൃഭാഷയിലെ വായനയെ ഒരു കുട്ടിയെ ഏത് ഭാഷയുമായും ചേർത്തുനിർത്തും, ആയതുകൊണ്ട് തന്നെ മലയാളത്തിലെ പുസ്തക വായന തന്നെയാണ് കുട്ടികളെ വായനാശീലമുള്ളവരായും അത് വഴി വിജ്ഞാനത്തിന്റെ അറിവിന്റെ വിശാല ലോകത്തിലേക്ക് എത്തിക്കുന്നത്.

അങ്ങനെ വായിക്കുന്നതിന് നമ്മുടെ വിദ്യാലയത്തിലെ കുട്ടികളുടെ വായനാശാലയായ "അക്ഷരത്തോണി" ഏറെ സഹായകരമാണ്. കുട്ടികൾ സ്വാഭാവികമായും വായനയിലേക്ക് നയിക്കപ്പെടുന്നതിലൂടെ വായന സ്വയം നടത്തുന്ന പ്രവർത്തനമായി മാറുന്നു.

## ലക്ഷ്യം

എല്ലാ കുട്ടികളെയും നല്ല വായനക്കാരാക്കി മാറ്റുക അതിലൂടെ ഉത്തമ പൗരന്മാരാക്കി തീർക്കുക.

വായനയുടെ തുടർ പ്രവർത്തനമായി കഥാപാത്ര ആവിഷ്കാരം നടത്തുന്നതിലൂടെ വായനക്ക് ജീവൻ വയ്ക്കുന്നു.

## പ്രവർത്തന പദ്ധതികൾ

1. കുട്ടിക്കൊരു ലൈബ്രറി
2. അമ്മ വായന - കുട്ടി വായന

### 1. കുട്ടിക്കൊരു ലൈബ്രറി

കഴിഞ്ഞവർഷം നടത്തി വിജയിച്ച പദ്ധതി. എല്ലാ കുട്ടികളും അവരുടെ വീടിനു സമീപത്തുള്ള വായനശാലയും ആയി ചേർന്ന് നടത്തുന്ന പദ്ധതി. ഇത് പ്രകാരം ഓരോ കുട്ടിയും അവരവരുടെ വീടിന് സമീപത്തുള്ള വായനശാലയുടെ വായന കൂട്ടത്തിലെ അംഗമാകുന്നു. വായനശാല ലൈബ്രറിയനുമായി ബന്ധിപ്പിച്ച് കുട്ടികൾക്ക് വായനാ പുസ്തകങ്ങൾ ലഭ്യമാക്കുന്നു. ലഭ്യമായ പുസ്തകം കുട്ടികൾ

വായിക്കുകയും സ്കൂൾ വിദ്യാരംഗം വേദിയിൽ വായനാനുഭവം പങ്കുവയ്ക്കുകയും ചെയ്യുന്നു.

- വായനാക്കുറിപ്പ് അവതരണം കഥാപാത്രആവിഷ്കാരം എന്നീ തുടർ പ്രവർത്തനങ്ങൾക്ക് സാധ്യതയുള്ള ഈ പ്രവർത്തനം വഴി കുട്ടികൾക്ക് സാമൂഹ്യബോധമുണ്ടാക്കുന്നു.

## 2. അമ്മ വായന - കുട്ടി വായന

കുട്ടികളിൽ വ്യക്തമായ ധാരണ ഉണ്ടാക്കുന്ന രീതിയിൽ അവർ വായിച്ച കാര്യം അടുക്കളയിൽ അമ്മയോട് പറഞ്ഞു കേൾപ്പിക്കുന്ന പരിപാടി. ഇതുവഴി വായിച്ച കാര്യങ്ങൾ കുട്ടികൾ വ്യക്തതയോടെ അമ്മയോട് പറഞ്ഞ് അവതരിപ്പിക്കുന്നു. പത്ര മാസികകൾ അമ്മയ്ക്ക് വായിച്ചു കൊടുക്കുന്നു. ഒപ്പം സന്ദർഭം പോലെ അമ്മ കുട്ടിക്കും വായിച്ചു കേൾപ്പിക്കുന്നു.

- വീട്ടിൽ സ്വാഭാവികമായ വായനാ ചർച്ച ഉണ്ടാകുന്നു.

## 3. കുട്ടി ലൈബ്രേറിയൻ

മാവിലായി യുപി സ്കൂളിനെ സംബന്ധിച്ച ഏറ്റവും പ്രധാനപ്പെട്ട പ്രത്യേകത എല്ലാ ക്ലാസ്സുകളിലും ക്ലാസ് ലൈബ്രറി ഉണ്ട് എന്നതാണ്. അതുകൊണ്ട് തന്നെ കുട്ടികൾ ലൈബ്രറി സൂക്ഷിപ്പ്കാരായി മാറുന്ന സ്ഥിതിയുണ്ട്. കൃത്യമായ രജിസ്റ്റർ സൂക്ഷിപ്പിലൂടെ കുട്ടികളിൽ നേതൃപാടവം ഏറെ വളർന്നു വരുന്നതാണ്. മാസാമാസം ലൈബ്രേറിയൻ മാറിവരുന്ന രീതിയിൽ കാര്യങ്ങൾ ക്രമീകരിക്കുന്നു.

### പദ്ധതി നടത്തിപ്പ്

മലയാളം അദ്ധ്യാപികമാർ

വിദ്യാരംഗം കലാസാഹിത്യ വേദി

പദ്ധതി കാലയളവ്

2023 ജൂൺ 19 മുതൽ 2024 മാർച്ച് 10

Academic Master Plan 2023 - 2027

Action Plan

Subject : English

I Name of Project : **BELL**

(Basic English Language Learning)

- മുൻവർഷങ്ങളിൽ മാവിലായി യു പി ആക്കാദമിക മാസ്റ്റർ പ്ലാനിൽ ഉൾപ്പെട്ടുത്തി ചെയ്തുവരുന്ന ഇംഗ്ലീഷ് പഠന സഹായ പദ്ധതികൾ.

1. Learning through Games
   (Five minuts Activities)
2. Prepare and Ask Questions
3. Word Games
4. A word for a day
5. A sentence for a Weak
6. Word Chain

Name Action Plan - II

BEES ( Basic English Enrichment Tricks through Stories)

**ആമുഖം**

ഇംഗ്ലീഷ്.... അന്താരാഷ്ട്ര ഭാഷ പഠിക്കാൻ എളുപ്പം, എഴുതാനും വായിക്കാനും അതിലേറെ എളുപ്പം.... എന്നാൽ അവസരങ്ങൾ കുറയുന്നതും സമൂഹം ആവശ്യത്തിലധികം ഉൽക്കണ്ഠ കാണിക്കുന്നതും ഇംഗ്ലീഷ് ചിലർക്കെങ്കിലും പേടിസ്വപ്നം ആകുന്നു. ചെറുപ്രായത്തിൽ കുട്ടികളിൽ അറിയാതെ വന്നുപോകുന്ന **"ഇംഗ്ലീഷ് പേടി"** നിലനിന്ന് കുട്ടികൾ മുതിർന്നു. ഇതിനാവശ്യമായ കഥാപുസ്തകങ്ങൾ സ്കൂളിൽ ശേഖരിച്ചുവച്ച് വായന പരിപോഷിപ്പിക്കുന്നു.

വായനയിലൂടെ ആശയം ഗ്രഹിക്കുകയും ഗ്രഹിച്ച ആശയങ്ങൾ പ്രയോഗിക്കുകയും ചെയ്യുന്ന രീതിയിൽ പരിപാടി ആസൂത്രണം ചെയ്യുന്നു.

നിരന്തര വായനക്ക് ആവശ്യമായ അത്രയും ഇംഗ്ലീഷ് സ്റ്റോറി ബുക്സ് വാങ്ങി ഇംഗ്ലീഷ് ലൈബ്രറി ശാകതീകരിക്കുന്നു.

പദ്ധതി നടത്തിപ്പ്

- BEES - തേനീച്ചക്കൂട്ടം പോലെ കുട്ടികളെ വായന ലക്ഷ്യം വെച്ച് വായനക്കൂട്ടങ്ങൾ ആക്കുന്നു.

- ഓരോ വായനക്കൂട്ടത്തിനും ഒരു ലീഡർ (തേനീച്ച കൂട്ടത്തിലെ റാണിയെ
  പോലെ) - ലൈബ്രേറിയാനായി പ്രവർത്തിക്കുന്നു.

- അങ്ങിനെ വരുമ്പോൾ ഇംഗ്ലീഷ് പേടിയുള്ളവരായിമാറുന്നു.

ഇത് പരിഹരിച്ച് കുട്ടികളെ ഇംഗ്ലീഷ് പ്രണയമുള്ളവരാക്കാൻ ചെറിയ ക്ലാസിൽ അഞ്ച്, ആറ്, ഏഴ് ക്ലാസിൽ തന്നെ അവരെ സ്വാഭാവികമായ ഇംഗ്ലീഷ് പഠിതാക്കളാക്കി മാറ്റേണ്ടതുണ്ട്.

മാതൃഭാഷയിലെ പ്രാവീണ്യവും താൽപര്യവും ഉള്ളവർ ഏത് ഭാഷയും എളുപ്പത്തിൽ സ്വീകരിക്കും എന്നതിനാൽ കുട്ടികളിൽ വായനശീലം വളർത്താൻ "കുട്ടിക്കൊരു ലൈബ്രേറി" എന്ന പരിപാടി നടത്തി മലയാളം വായന

സ്വാഭാവികമാക്കിയതിൽ നിന്ന് ഈ വർഷം "ഇംഗ്ലീഷ്" വായന പരിപോഷിപ്പിച്ച് കുട്ടികളെ സ്വാഭാവിക വായനക്കാരാക്കുന്നതിനാണ് BEES പദ്ധതി ലക്ഷ്യം വെക്കുന്നത്.

- ആവശ്യത്തിനുള്ള വായന പുസ്തകങ്ങൾ (ഇംഗ്ലീഷ് സ്റ്റോറി ബുക്ക്സ് ) ഓരോ വായനക്കൂട്ടത്തിലും നൽകുന്നു.
- നിശ്ചിത സമയപരിധിക്കുള്ളിൽ കുട്ടികൾ വായിക്കണം - പ്രയാസമുള്ളവർക്ക് ലീഡർ / അദ്ധ്യാപകൻ വായന സഹായം നൽകുന്നു.
- BEES പദ്ധതിയുടെ ഏറ്റവും പ്രധാന ഘട്ടം വായിച്ച കഥകൾ ഇംഗ്ലീഷ് ലോ ഇംഗ്ലീഷും മലയാളവും ചേർത്തോ കുട്ടികൾ അവതരിപ്പിക്കുക എന്നതാണ്.
- വായന കുറിപ്പ് തയ്യാറാക്കുന്നു.
- വായിച്ച കഥകൾ സാഹചര്യത്തിനനുസരിച്ച് കഥാപാത്രങ്ങളായി അവതരിപ്പിക്കുന്നു.
- സഹായത്തോടെയോ അല്ലാതെയോ ഒറ്റക്കോ സംഘമായോ കുട്ടികൾ വായിക്കുന്നു. ഇംഗ്ലീഷ് വായനയിലൂടെ ഇംഗ്ലീഷ് പഠനം വിഷമരഹിതവും

താൽപര്യപൂർവ്വവും ആക്കാൻ BEES വഴി സാധ്യമാകമെന്ന് പ്രത്യാശിക്കാം.

- പദ്ധതി കാലയളവ് 2023 ജൂൺ മുതൽ 2024 ജനുവരി 26 വരെ.
- ധനകാര്യ വിശകലനം : പുസ്തകം സംഭാവനയിലൂടെ കണ്ടെത്തുന്നു.

**അനുബന്ധം**

സ്പോൺസർഷിപ്പിലൂടെ പരമാവധി ലളിതവും ചെലവ് കുറഞ്ഞതും എന്നാൽ മികച്ചതുമായ ഇംഗ്ലീഷ് സ്റ്റോറി ബുക്സ് ശേഖരിച്ച് പരിപാടി ആരംഭിക്കുന്നു.

# വിഷയം : ഗണിതം

അധ്യാപികയുടെ പേര് : സ്മിജ വി. വി

ക്ലാസ്സ് : V, VI, VII

കാലയളവ് : ജൂൺ മാസം മുതൽ മാർച്ച് മാസം വരെ

**ആമുഖം :**

ഗണിത പഠനം ഭൂരിഭാഗം കുട്ടികളും സമീപിക്കുന്നത് ഭയത്തോടു കൂടിയാണ്. ഭയം മാറി വിഷയത്തിനോട് താല്പര്യം ഉള്ളവരാക്കാൻ കളിയിലൂടെയും, ചിരിയിലൂടെയും ഗണിതത്തെ സമീപിക്കാൻ സാഹചര്യം ഒരുക്കണം. ക്ലാസിലെ ഓരോ കുട്ടിക്കും തനിക്ക് പഠിക്കാൻ കഴിയും എന്ന വിശ്വാസം ഉണ്ടാക്കണം.

**ലക്ഷ്യങ്ങൾ:**

- കുട്ടികളുടെ ഗണിതവൽക്കരണ ശേഷികൾ വികസിപ്പിക്കുക എന്നതാണ് ഗണിത പഠനത്തിന്റെ പ്രധാന ലക്ഷ്യം.
- സംഖ്യാപരമായ ബന്ധങ്ങൾ കൊണ്ടും അമൂർത്ത രൂപങ്ങളുടെ ആസ്വാദനം കൊണ്ടും ഗണിതത്തെ സൗന്ദര്യാത്മകമാക്കുക.
- ദൈനംദിന കാര്യങ്ങളിൽ ഗണിതത്തിന്റെ ആവശ്യകത.

## പ്രശ്നങ്ങൾ:

- താഴ്ന്ന ക്ലാസുകളിൽ നിന്നും ലഭിക്കേണ്ട അടിസ്ഥാനപരമായ ശേഷികൾ കുട്ടികൾ പൂർണമായി നേടിയെടുക്കുന്നില്ല.
- കൃത്യസമയത്ത് മനസ്സിലാക്കി എടുക്കേണ്ട ചതുഷ്ക്രിയകൾ അവയിൽ ഉള്ള ധാരണക്കുറവ് വളരെയധികം ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട്.

## പഠന നേട്ടം :

ചതുഷ്ക്രിയകളിൽ വ്യക്തമായ ധാരണ അടിസ്ഥാന അളവുകളുടെ താരതമ്യ പഠനം.

## പ്രവർത്തനം:

ജൂൺമാസം മുതൽ പ്രവർത്തനം ആരംഭിക്കുന്നു. പ്രധാനമായും അഞ്ചാം ക്ലാസിൽ ചതുഷ്ക്രിയകളിലെ സങ്കലനം, വ്യവകലനം എന്ന ക്രിയകളിൽ എത്രമാത്രം മികവ് പുലർത്തിയിട്ടുണ്ട് എന്ന് മനസ്സിലാക്കാൻ വർക്ക് ഷീറ്റിലൂടെ പ്രവർത്തനം ചെയ്യിക്കുന്നു. തുടർന്ന് ഗുണന പട്ടിക ഗുണനക്രിയകൾ എന്നിവയിലെ ധാരണ എത്രമാത്രം ഉണ്ട് എന്നിവ മനസ്സിലാക്കാനുള്ള പ്രവർത്തനം നൽകുന്നു. എങ്ങനെയൊക്കെ കുട്ടികളുടെ ഇടയിൽ അധ്യാപിക ഇടപെടണം എന്ന വ്യക്തത ഉറപ്പിക്കുന്നു.

VI, VII ക്ലാസുകളിൽ ഗുണനക്രിയ, ഹരണക്രിയ എന്നിവ ഉറപ്പിക്കാനുള്ള വിവിധ പ്രവർത്തനങ്ങൾ കൊടുക്കുന്നു. കുട്ടികൾ തന്നെ പരസ്പരം പഠിപ്പിക്കാനും. പ്രവർത്തനം ബുദ്ധിമുട്ടുള്ള കുട്ടികൾക്ക് നൽകി സൗഹൃദപരമായി കളിയിലൂടെയും മറ്റും രസകരമായി മനസ്സിലാക്കാൻ അവസരം നൽകുന്നു. അധ്യാപികയുടെ ഇടപെടലും നേതൃസ്ഥാനവും ഉണ്ടായിരിക്കും.

സ്വയം പ്രശ്നങ്ങൾ ഉണ്ടാക്കുകയും അവ മറ്റു കുട്ടികൾക്ക് നൽകി കണ്ടെത്താനുള്ള അവസരവും നൽകുന്നു. മികച്ചത് കണ്ടുപിടിച്ച് STAR നൽകുന്നു.

കുട്ടികളിൽ മാത്രമല്ല മുതിർന്നവരും മനസ്സിലാക്കിയെടുക്കേണ്ട ഒന്നാണ് അടിസ്ഥാന അളവുകളും ആവശ്യകതയും അവയുടെ താരതമ്യവും. അതായത് നീളം, സമയം, ഭാരം, ഉള്ളളവ്, വിസ്തീർണ്ണം എന്നിവയെ കുറിച്ച് വ്യക്തമായ ധാരണ ഉണ്ടായിരിക്കണം.

ഉദാഹരണമായി നീളത്തെ കുറിച്ച് കുട്ടികളോട് ചോദിക്കുമ്പോൾ മില്ലിമീറ്ററും സെന്റീമീറ്ററും മീറ്ററും ഓർമ്മയിൽ വരാം. എന്നാൽ, നാനോമീറ്റർ, മൈക്രോമീറ്റർ എന്നിവയിൽ തുടങ്ങി വിവിധ അളവുകളിൽ വിവിധ പേരുകളിൽ നീളത്തെ സൂചിപ്പിക്കുന്നു എന്ന് മനസ്സിലാക്കാൻ പ്രവർത്തനങ്ങൾ നൽകുന്നു. ഊഹിച്ചു കണ്ടെത്താൻ അവസരം നൽകുന്നു. അങ്ങനെ സമയം തുടങ്ങി മറ്റ് അളവുകളുടെ പ്രത്യേകതകളും ബന്ധങ്ങളും താരതമ്യം ചെയ്യുന്നു. നിത്യജീവിതത്തിൽ പരിചിത സന്ദർഭങ്ങളിലൂടെ യാത്ര ചെയ്തു ഗണിതകേളിയിലൂടെ

ആസ്വാദനത്തിലൂടെ കട്ടികളിൽ അളവുകളുടെ താരതമ്യ പഠനം ഉറപ്പുവരുത്തുന്നു.

# മികവ് 2022- 23

## അടിസ്ഥാന ശാസ്ത്രം

പേര് : "അണ്ണാറക്കണ്ണനും തന്നാലായത്" - ഇ - മാലിന്യ സംസ്കരണം

കഞ്ഞു കൈകളിലൂടെ...........

ലക്ഷ്യം:

- കുട്ടികളിൽ മാലിന്യ സംസ്കരണ ബോധം വളർത്തിയെടുക്കുക.
- മാലിന്യങ്ങൾ വരുത്തിവയ്ക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെ കുറിച്ച് ബോധവാന്മാരാക്കുകയും, കൃത്യമായി ഇടവേളകളിൽ മാലിന്യ സംസ്കരണം നടത്തുകയും ചെയ്യാൻ പ്രാപ്തി നേടൽ.
- മാലിന്യങ്ങളെ തരംതിരിച്ച് സംസ്കരിക്കാനുള്ള ശേഷി നേടിയെടുക്കൽ.
- ഇ - മാലിന്യങ്ങൾ വരുത്തി വയ്ക്കുന്ന മാരക ആരോഗ്യ പരിസ്ഥിതി പ്രശ്നങ്ങളെ കുറിച്ച് ബോധവാന്മാരാക്കൽ.

ആമുഖം :

കഴിഞ്ഞ രണ്ടു ദശകങ്ങളിലായി ഇലക്ട്രോണിക് സാങ്കേതിക വിദ്യയിലുണ്ടായ അഭൂതപൂർവമായ കുതിച്ചുചാട്ടം സ്ഥലകാല സീമകളെ മറികടന്നുകൊണ്ട് ഒരു പുതിയ ജീവിതശൈലിക് തുടക്കമിട്ടു. ഉപയോഗകാലം കഴിഞ്ഞോ അല്ലാതെയോ ഉപേക്ഷിക്കപ്പെടുന്ന വൈദ്യുതോർജത്തിൽ

പ്രവർത്തിക്കുന്ന ഉപകരണങ്ങളെയും അനുബന്ധ വസ്തുക്കളെയും ഈ - മാലിന്യം എന്നു പറയാം. ഇവ മണ്ണിൽ ലയിച്ചു ചേരുകയോ വിഘടനത്തിന് വിധേയമാവുകയോ ചെയ്യുന്നില്ല. ഇത്തരം ശ്രമങ്ങളുടെ ഫലമായി മണ്ണും ജലാശയങ്ങളും മലിനമാവുകയും പല ജീവജാലങ്ങളുടെയും നിലനിൽപ്പിന് ഭീഷണിയാവുകയും ചെയ്യുന്നു. അനാരോഗ്യപരമായ ചുറ്റുപാടിലുള്ള ഇ - മാലിന്യ സംസ്കരണം അർബുദമടക്കമുള്ള രോഗങ്ങൾ വരുത്തുന്നു. ചില വിദേശരാജ്യങ്ങൾ അവരുടെ മാലിന്യങ്ങൾ ഉപേക്ഷിക്കാനുള്ള ഇടങ്ങളാക്കി മാറ്റുകയാണ് വികസ്വര രാജ്യങ്ങളുടെ സെക്കൻഡ് ഹാൻഡ് ഇലക്ട്രോണിക്സ് മാർക്കറ്റുകൾ.

**പരിഹാരങ്ങൾ**

വിപണിയിൽ നിന്നും വാങ്ങുന്ന ഇലക്ട്രോണിക് ഉപകരണങ്ങൾ നിർമ്മാതാക്കൾ തന്നെ ഉപയോഗശേഷം തിരിച്ചെടുക്കുന്ന രീതി നടപ്പാക്കുക. യഥാസമയം റീസൈക്ലിംഗ്, റീയൂസ് എന്നിവ ഉപയോഗപ്പെടുത്തുക. ഇലക്ട്രോണിക് ഉപകരണങ്ങളുടെ എണ്ണത്തിൽ കുറവ് വരുത്തലും ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങൾ വാങ്ങലും പുനരുപയോഗം ചെയ്യലും.

## പ്രവർത്തന രീതി

പരിസ്ഥിതി സംരക്ഷണത്തിന് ഏറെ പ്രാധാന്യം നൽകുന്ന വിദ്യാലയമാണ് നമ്മുടേത്. സ്കൂൾ പരിസ്ഥിതി ക്ലബ്ബായ ലിറ്റിൽ ഫാർമസ് സീഡ് ക്ലബ്ബിന്റെ നേതൃത്വത്തിൽ നിരവധി പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ നടത്തിവരുന്നു .ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ നിരവധി മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തിവരുന്നുണ്ട്. സ്കൂളിലെ എല്ലാ വിദ്യാർത്ഥികളിലും ഹരിത സംസ്കാരം വളർത്തിയെടുക്കാൻ സാധിച്ചിട്ടുണ്ട്. ഇതിന്റെ ഫലമായി എല്ലാ കുട്ടികളും ഹരിത ചട്ടങ്ങൾ പാലിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യുന്നു. ഇതിന്റെ പുരോഗമന പ്രവർത്തനമായി അടുത്ത അധ്യായന വർഷം മുതൽ ലിറ്റിൽ ഫാർമൽ സീഡ് ക്ലബ്ബും സ്കൂൾ ശാസ്ത്ര ക്ലബ്ബും സംയുക്തമായി നടത്താൻ തീരുമാനിച്ചിരിക്കുന്ന ഒരു പ്രവർത്തനമാണ് "അണ്ണാറക്കണ്ണനും തന്നാലായത്" - ഇ - മാലിന്യ സംസ്കരണം കുഞ്ഞു കൈകളിലൂടെ" എന്നത്.

ഇതിനു മുന്നോടിയായി ആദ്യ മാസങ്ങളിൽ സ്കൂളിൽ എത്തുന്ന നവാഗതരെ സ്കൂളിന്റെ ചട്ടങ്ങളും ഹരിത പ്രവർത്തനങ്ങളും മനസ്സിലാക്കി കൊടുത്തുകൊണ്ട് അവരെയും ഹരിത സംസ്കാര ശീലം ഉള്ളവരായി മാറ്റുക എന്ന പ്രവർത്തനം ഇതിന്റെ പുരോ പ്രവർത്തനമായി കുട്ടികളിൽ ഇ -മാലിന്യ സംസ്കരണ ബോധവൽക്കരണം.

# മാവിലായി യു.പി സ്കൂൾ

# മികവ് 2023 - 24

# വിഷയം : ഹിന്ദി

## ആമുഖം

2023- 24 അധ്യയന വർഷത്തിൽ മാവിലായി യു. പി സ്കൂൾ ഹിന്ദി വിഷയത്തിൽ നടത്താൻ ഉദ്ദേശിക്കുന്ന മികവ് പ്രവർത്തനമാണ് ഭാഷ അനായാസം കൈകാര്യം ചെയ്യാനും എല്ലാ കുട്ടികളും താല്പര്യത്തോടെ ഹിന്ദിയെ നോക്കി കാണാനും മനസ്സിലാക്കാനുമുള്ള കഴിവ് ആർജിക്കൽ അതോടൊപ്പം ഹിന്ദി പഠനം രസകരമായി കൊണ്ടുപോകാനുമുള്ള പ്രവർത്തനം.

## പ്രവർത്തന മേഖല

എഴുത്ത്, വായന

## പ്രവർത്തനത്തിന്റെ പേര്

फूलवारी (പൂന്തോട്ടം)

അധ്യാപികയുടെ പേര് : സജിത എ

വിഷയം : ഹിന്ദി

ക്ലാസ്സ് : V, VI, VII

## അവസ്ഥാ വിശകലനം

മിക്ക കുട്ടികളിലും ഉണ്ടാകുന്ന തപ്പി തടഞ്ഞുള്ള വായന, ചിഹ്നങ്ങൾ മാറിപ്പോകുന്ന അവസ്ഥ. ഇതുകൊണ്ട് എഴുത്ത് വായന എന്നിവയിൽ പ്രയാസം നേരിടുന്ന അവസ്ഥ.

## ഉദ്ദേശലക്ഷ്യങ്ങൾ

ഹിന്ദി ഭാഷയോടുള്ള താല്പര്യം വർദ്ധിപ്പിക്കുക, അവനവന്റെ പാഠപുസ്തകം കൃത്യമായും വ്യക്തമായും വായിക്കാനുള്ള ശേഷി നേടുക, തെറ്റില്ലാതെ എഴുതാനുള്ള ശേഷി നേടൽ, ജൂലൈ ആദ്യവാരം തുടങ്ങുന്ന പ്രവർത്തനം ഫെബ്രുവരിയിൽ അവസാനിക്കുന്ന നിരന്തര പ്രവർത്തനത്തിലൂടെ ലക്ഷ്യത്തിൽ എത്തുകയും അതിൻെറ ഒരു ഉത് പന്നം നിർമിക്കുകയും ചെയ്യുന്നു.

## പ്രവർത്തനങ്ങൾ അഞ്ചാം തരം

കുട്ടികൾക്ക് ഭാഷയിൽ അഭിരുചി ഉണ്ടാക്കുന്ന രീതിയിൽ നിത്യജീവിതത്തിൽ അവർ ഉപയോഗിക്കുന്ന വാക്കുകൾ പറയാൻ അവസരം നൽകുന്നു. പിന്നീട് സുപരിചിതമായ വസ്തുക്കളുടെ പേരുകൾ ഹിന്ദിയിൽ കേൾക്കാൻ അവസരം നൽകുന്നു. ഇത് കുട്ടികൾ ആവർത്തിച്ചു പറയുന്നു. ചിത്രകാർഡുകളുടെയും വീഡിയോയുടെയും സഹായം തേടുന്നു. നോട്ടിൽ ഹിന്ദി അക്ഷരങ്ങൾ വെട്ടിയെടുത്ത് ക്രമമായി യോജിപ്പിച്ച് വാക്കുകൾ ഉണ്ടാക്കാൻ അവസരം നൽകുന്നു. ഇതിലൂടെ കുട്ടിയെ എഴുത്തിലേക്ക് കൊണ്ടുവരാൻ സാധിക്കുന്നു. കുട്ടിക്ക് ഗ്രഹിക്കാൻ വിഷമം വരുന്ന അക്ഷരങ്ങൾ വർണ്ണക്കടലാസിൽ മുറിച്ചെടുത്ത്

കുട്ടികളെ ഗ്രൂപ്പുകളായി തിരിച്ച് ഈ അക്ഷരങ്ങൾ ക്രമമായി വെച്ച് പരിചിത ശബ്ദങ്ങൾ ഉണ്ടാക്കാൻ അവസരം നൽകുന്നു. അത് മൂല്യനിർണയവും ചെയ്യുന്നു. ഇതിനുവേണ്ടി ICT സാധ്യതയും ഉപയോഗിക്കുന്നു. ഇങ്ങനെ വാക്കുകളിൽ നിന്ന് വാചകത്തിലേക്കും, വാചകത്തിൽ നിന്ന് ഓരോ കുട്ടിയും അവനവന്റെ താല്പര്യത്തിനനുസരിച്ച് ഒരു രചന നടത്താം. ഉദാഹരണം (കവിത, കഥ, കുറിപ്പ്, പോസ്റ്റർ) മുതലായവ അത് പിന്നീട് ഒരു മികവുത് പന്നമായി സൂക്ഷിക്കുന്നു.

## പ്രവർത്തനം 6, 7

കുട്ടികൾക്ക് ജൂലൈ മാസം മുതൽ തന്നെ തങ്ങളുടെ കഴിവിനനുസരിച്ച് വായിക്കാനും എഴുതാനും അതിൽ നിന്ന് അവർ നേരിടുന്ന പ്രശ്നങ്ങൾ കണ്ടെത്തി ലഘൂകരിക്കാനുമുള്ള പ്രവർത്തനങ്ങൾ നൽകുന്നു. ഇതിന് വായന കാർഡ് നൽകുന്നു. ഇതുപോലെ ICT സാധ്യത ഉപയോഗിച്ച് ചെറിയ വായന കാർഡുകൾ ഗ്രൂപ്പിൽ ഇട്ടു കൊടുക്കുന്നു. ഇത് കുട്ടി വായിക്കുകയും നോട്ടിൽ എഴുതി വയ്ക്കുകയും ചെയ്യുന്നു. നിരന്തരം ഇത്തരം പ്രവർത്തനത്തിലൂടെ വായനയും എഴുത്തും മാത്രമല്ല കുട്ടിയുടെ സർഗാത്മക കഴിവുകളും പരിപോഷിക്കുന്നു. നിരന്തരം മൂല്യനിർണയവും നടത്തുന്നു. ഇതിലൂടെ കുട്ടി ജനുവരി ഫെബ്രുവരി മാസം ആവുമ്പോഴേക്കും ഒരു രചന ഉൽപ്പന്നം നിർമ്മിക്കുന്നു. ഇത് കൂട്ടിച്ചേർത്ത് സ്കൂളിന്റെ ഒരു മികവുൽപ്പന്നം പ്രകാശനം ചെയ്തു സൂക്ഷിക്കുന്നു.

## പഠന നേട്ടങ്ങൾ

രാഷ്ട്രഭാഷയിൽ താൽപര്യം വർദ്ധിപ്പിക്കാൻ കഴിയും. ഭാഷയുടെ ഉപയോഗിക്കുമ്പോൾ ഉണ്ടാകുന്ന പ്രശ്നങ്ങൾ ലഘൂകരിക്കുന്നു. മുഴുവൻ കുട്ടികളെയും എഴുതാനും വായിക്കാനും പ്രാപ്തരാക്കാൻ കഴിയുന്നു. എല്ലാവർക്കും അവസരം കിട്ടുന്നതോടെ അവരുടെ താല്പര്യം വർദ്ധിക്കുന്നു. ഭിന്നശേഷിക്കാരായ കുട്ടികൾക്ക് പ്രത്യേക പരിഗണന കൊടുത്ത് അവരെയും മുഖ്യ ധാരയിൽ എത്തിക്കാൻ കഴിയും. ഇതിനെ ചിത്രസഹായവും ഐ സി ടി സാധ്യതയും ഉപയോഗിക്കുമ്പോൾ കുട്ടികൾക്ക് മനസ്സിലാക്കാനും കഴിയും.

# വിഷയം :

# സാമൂഹ്യ ശാസ്ത്രം

## ലക്ഷ്യം

ഒരു വർഷം കൊണ്ട് കേരളത്തിന്റെയും ഇന്ത്യയുടെയും ഭൂപടങ്ങളിലെ എല്ലാ കാര്യങ്ങളും കുട്ടികളിലേക്ക് എത്തിക്കുക എന്നതാണ് ഈ പ്രവർത്തനത്തിന്റെ ലക്ഷ്യം.

## ആമുഖം

ഒരു സ്ഥലത്തിന്റെ തിരഞ്ഞെടുത്ത സ്വഭാവ സവിശേഷതകളുടെ പ്രതീകാത്മക അവതരണമാണ് ഭൂപടം. സാധാരണയായി പരന്ന പ്രതലത്തിലാണ് ഭൂപടം വരയ്ക്കുന്നത്. മാപ്പുകൾ ലോകത്തെ കുറിച്ചുള്ള വിവരങ്ങൾ ലളിതവും ദൃശപരവുമായ രീതിയിൽ അവതരിപ്പിക്കുന്നു. രാജ്യങ്ങളുടെ വലിപ്പവും രൂപവും സവിശേഷതകളും ഉള്ള സ്ഥാനങ്ങളും സ്ഥലങ്ങൾ തമ്മിലുള്ള ദൂരവും കാണിച്ചുകൊണ്ട് കുട്ടികൾ ലോകത്തെ കുറിച്ച് പഠിപ്പിക്കുന്നു.

## പ്രവർത്തന രീതി:

- ജിഗ്സോ ബോർഡ് നൽകുക.

ഈ പ്രവർത്തനത്തിലൂടെ ജില്ലകളുടെയും സംസ്ഥാനങ്ങളുടെയും പേരുകളും, സ്ഥാനവും, ആകൃതിയും, വലിപ്പവും മനസ്സിലാക്കാൻ കഴിയുന്നു.

- ഭൂപടങ്ങളിലെ ദിക്കുകൾ കുട്ടികൾക്ക് മനസ്സിലാക്കി കൊടുക്കുക.

കേരളത്തിന്റെയും ഇന്ത്യയുടെയും മാപ്പുകൾ ഓരോ കുട്ടിക്കും നൽകുക. ദിക്കുകൾ മനസ്സിലാക്കി കൊടുക്കുക. ശേഷം ഓരോ ദിക്കിലും വരുന്ന ജില്ലകൾ, സംസ്ഥാനങ്ങൾ കണ്ടെത്തുകയും,

കുട്ടികൾ അവതരിപ്പിക്കുകയും, മികച്ച കുട്ടിയെ കണ്ടെത്തുകയും, അഭിനന്ദിക്കുകയും ചെയ്യുന്നു.

- പാഠഭാഗവുമായി ബന്ധപ്പെട്ട പ്രവർത്തനമാണ് അടുത്തത്. അതായത്, മലനാട് ഇടനാട് തീരപ്രദേശം എന്നിവിടങ്ങളിലെ പ്രദേശങ്ങൾ അവിടുത്തെ ജീവിതരീതി കാലാവസ്ഥ വിളകൾ എന്നീ ആശയങ്ങൾ കുട്ടികൾക്ക് മനസ്സിലാക്കി കൊടുക്കുന്നു തുടങ്ങിയ കാര്യങ്ങൾ ജനറൽ ചോദ്യങ്ങൾ ഉന്നയിച്ചുകൊണ്ട് കുട്ടികളിലേക്ക് ആശയം എത്തിക്കുന്നതിനെക്കുറിച്ച് പഠിപ്പിക്കുന്നു

# മികവ് 2023-24

# സംസ്കൃതം

| | | |
|---|---|---|
| സ്കൂൾ | : | മാവിലായി യുപി സ്കൂൾ |
| വിഷയം | : | സംസ്കൃതം |
| ക്ലാസ്സ് | : | യു. പി |
| പരിപാടിയുടെ പേര് | : | സംസ്കൃതമാധുരി |
| മേഖല | : | എഴുത്ത് |
| ലക്ഷ്യം | : | കഥ, കവിത, സമസ്യ ഉപന്യാസം എന്നീ സാഹിത്യ രചനകളിലേക്ക് കുട്ടികളെ എത്തിക്കുക |
| കാലയളവ് | : | ജൂൺ - ഫെബ്രുവരി |
| പ്രവർത്തനം | : | പ്രാരംഭ പ്രവർത്തനമായി |

ക്ലാസുകളിൽ കുട്ടികളെ വിവിധ ഗ്രൂപ്പുകൾ ആക്കി പേര് നൽകുന്നു.

(ഉദാ: കാളിദാസൻ,വാല്മീകി......) മലയാളത്തിലും സംസ്കൃതത്തിലും പൊതുവായി ഉപയോഗിക്കുന്ന പരമാവധി നാമപദങ്ങൾ കണ്ടെത്തുന്നു. അവതരിപ്പിക്കുന്നു. അതേപോലെ ക്രിയാപദങ്ങളും കണ്ടെത്തി അവതരിപ്പിക്കുന്നു. തുടർന്ന് ലഘുവാക്യങ്ങൾ നിർമ്മിക്കുന്നു. വിഭക്തികൾ, അവ്യയങ്ങൾ എന്നിവ പരിചയപ്പെടുത്തി ലഘുവാക്യങ്ങൾ നിർമ്മിക്കുന്നു. തുടർന്ന് വിവിധ സർഗാത്മക രചനകളിലേർപ്പെടാനുള്ള അവസരമൊരുക്കുന്നു.

ആവശ്യമായ സാമഗ്രികൾ/ : വർക്ക് ഷീറ്റുകൾ,
ശിൽപ്പശാലകൾ

സേവനങ്ങൾ

നേട്ടങ്ങൾ : 1) കുട്ടികളിലെ സർഗാത്മക രചനാ ശേഷി കണ്ടെത്താൻ കഴിയുന്നു.

: 2) സംസ്കൃതോത്സവത്തിൽ കുട്ടികളെ രചനാ മത്സരങ്ങളിൽ ഉൾപ്പെടുത്താൻ കഴിയുന്നു.

: 3) കുട്ടികളുടെ രചനകൾ ഉൾക്കൊള്ളിച്ച് മാസികകൾ തയ്യാറാക്കാൻ സാധിക്കുന്നു.

**മികവ്**

സ്കൂൾ : മാവിലായി യുപി സ്കൂൾ

വിഷയം : സംസ്കൃതം

ക്ലാസ്സ് : യുപി

പരിപാടിയുടെ പേര് : സംസ്കൃതമാധുരി

മേഖല : എഴുത്ത്

ലക്ഷ്യം : കഥ, കവിത, സമസ്യ ഉപന്യാസം എന്നീ സാഹിത്യ രചനകളിലേക്ക് കുട്ടികളെ എത്തിക്കുക.

കാലയളവ് : ജൂൺ - ഫെബ്രുവരി

പ്രവർത്തനം : പ്രാരംഭ പ്രവർത്തനമായി ക്ലാസുകളിൽ കുട്ടികളെ വിവിധ ഗ്രൂപ്പുകൾ ആക്കി പേര് നൽകുന്നു( ഉദാ: കാളിദാസൻ,വാല്മീകി......)മലയാളത്തിലും സംസ്കൃതത്തിലും പൊതുവായി ഉപയോഗിക്കുന്ന പരമാവധി നാമപദങ്ങൾ കണ്ടെത്തുന്നു. അവതരിപ്പിക്കുന്നു. അതേപോലെ ക്രിയാപദങ്ങളും കണ്ടെത്തി അവതരിപ്പിക്കുന്നു തുടർന്ന് ലഘുവാക്യങ്ങൾ നിർമ്മിക്കുന്നു വിഭക്തികൾ അവയവങ്ങൾ എന്നിവ പരിചയപ്പെടുത്തി ലഘുവാക്യങ്ങൾ നിർമ്മിക്കുന്നു തുടർന്ന് വിവിധ സർഗാത്മക രചനകളിൽ ഏർപ്പെടാനുള്ള അവസര മൊരുക്കുന്നു.

ആവശ്യമായ സാമഗ്രികൾ/ സേവനങ്ങൾ: വർക്ക് ഷീറ്റുകൾ ശിൽപ്പശാലകൾ

**നേട്ടങ്ങൾ:**

1) കുട്ടികളിലെ സർഗാത്മക രചനാ ശേഷി കണ്ടെത്താൻ കഴിയുന്നു

2) സംസ്കൃതോത്സവത്തിൽ കുട്ടികളെ രചനാ മത്സരങ്ങളിൽ ഉൾപ്പെടുത്താൻ കഴിയുന്നു

3) കുട്ടികളുടെ രചനകൾ ഉൾക്കൊള്ളിച്ച് മാസികകൾ തയ്യാറാക്കാൻ സാധിക്കുന്നു.

# വിഷയം:ഉറുദു

ക്ലാസ്സ് : V, VI, VII

പ്രവർത്തനത്തിന്റെ പേര് : പ്യാരി സബാൻ

ലക്ഷ്യം : ഉറുദു ഭാഷ കുട്ടികളിൽ താല്പര്യപൂർവ്വംലളിതവത് കരിക്കുക.

പ്രതീക്ഷിത നേട്ടം : തെറ്റില്ലാതെ ഉറുദു എഴുതാനും വായിക്കാനും കുട്ടികളെ പ്രാപ്തരാക്കുക

കാലയളവ് : തുടർ പ്രവർത്തനം 2023-2024

**ആമുഖം :-**

അഞ്ചാം തരം മുതൽ പഠനം ആരംഭിക്കുന്നു. ഉറുദു ഭാഷയെ ലളിതമായ രീതിയിൽ താൽപര്യപൂർവ്വം എഴുതാനും വായിക്കാനും പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിക്കുന്ന പ്രവർത്തനമാണ് "പ്യാരീസബാൻ".

**പ്രവർത്തന മേഖല :-**

എഴുത്ത്, വായന

**അവസ്ഥാ വിശകലനം :-**

അക്ഷരങ്ങൾ കൂട്ടിയെഴുതാനും, വായിക്കാനും കുട്ടികൾക്ക് ബുദ്ധിമുട്ട് അനുഭവപ്പെടാറുണ്ട്. ഈ പ്രശ്നം ലളിതമായി പരിഹരിക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് ഒരു വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന "പ്യാരീസബാൻ" എന്ന വർക്ക് ഷീറ്റ് പ്രവർത്തനം.

**ഉദ്ദേശലക്ഷ്യം :-**

V, VI, VII എന്നീ മൂന്ന് ക്ലാസ്സുകളിലെ പഠനത്തോടുകൂടി ഉറുദു തെറ്റില്ലാതെ എഴുതാനും വായിക്കാനും പ്രാപ്തരാക്കുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് "പ്യാരി സബാൻ" എന്ന വർക്ക് ഷീറ്റ് പ്രവർത്തനം ആരംഭിക്കുന്നത്.

**പ്രവർത്തനങ്ങൾ:-**

ഓരോ ക്ലാസ്സുകളിലും ഓരോ യൂണിറ്റിന്റെയും അവസാനം അഞ്ചോ ആറോ അധിക പ്രവർത്തനങ്ങൾ ഉൾക്കൊള്ളുന്ന വർക്ക് ഷീറ്റ് അവസരം നൽകുന്നു. കുട്ടികൾ പരസ്പരം വിലയിരുത്തി തെറ്റുകൾ മനസ്സിലാക്കുകയും വീണ്ടും എഴുതാൻ അവസരം നൽകുകയും ചെയ്യുന്നു. എഴുതിയ പ്രവർത്തനങ്ങൾ ക്ലാസിൽ അവതരിപ്പിക്കുന്നു.

പഠന നേട്ടം :-

കുട്ടികളെ ഉറുദു ഭാഷയിൽ തെറ്റില്ലാതെ എഴുതാനും വായിക്കാനും പ്രാപ്തരാക്കുക.

# മാവിലായി യുപി സ്കൂൾ

# ആക്ഷൻ പ്ലാൻ 2023 - 24

## വിഷയം അറബിക്

| | | |
|---|---|---|
| പേര് | : | സഹ് ലൻ അറബി |
| പ്രശ്നം | : | പദസമ്പത്തിൻെറ കുറവ് |
| ലക്ഷ്യം | : | പദസമ്പത്ത് വർദ്ധിപ്പിക്കാൻ<br>അക്ഷരങ്ങളുടെ സാമ്യ വ്യത്യാസങ്ങൾ തിരിച്ചറിയൽ |

**ആമുഖം :**

മാവിലായി യുപി സ്കൂളിലെ അറബിഭാഷ പഠിക്കുന്ന അഞ്ചു മുതൽ ഏഴ് വരെ ക്ലാസ്സിലെ കുട്ടികൾക്ക് അനായാസം അറബി കൂട്ടി വായിക്കാനും എഴുതാനും സഹായകമാകുന്ന രീതിയിലുള്ള "ഒരക്ഷരം ഒരുപാട് പദങ്ങൾ" എന്ന ഒരു പ്രവർത്തനം.

**പ്രവർത്തനരീതി**

അറബി അക്ഷരമാലയിലെ ഒരു അക്ഷരം അധ്യാപകൻ നിർദ്ദേശിക്കുന്നു. മുഴുവൻ കുട്ടികളും ആ അക്ഷരങ്ങൾ കൊണ്ട് തുടങ്ങുന്ന പരമാവധി പദങ്ങൾ കണ്ടെത്തി ഒരു നോട്ടുബുക്കിൽ കുറിച്ചുവെക്കുന്നു. ഈ രീതിയിൽ ഓരോ പേജിലും ഓരോ

അക്ഷരങ്ങൾ കൊണ്ട് കിട്ടാവുന്നത്ര പദങ്ങൾ ശേഖരിച്ച് എഴുതി വെക്കുന്നു. തുടർന്ന് ഓരോ ദിവസത്തെയും പാഠഭാഗവുമായി ബന്ധപ്പെട്ട ഓരോ ക്ലാസ്സിൽ നിന്നും ലഭിക്കുന്ന പദങ്ങളും എഴുതിച്ചേർക്കുന്നു. ഓരോ മാസാവസാനവും ഇതുമായി ബന്ധപ്പെട്ട മത്സരങ്ങൾ സംഘടിപ്പിക്കുന്നു. ഉദാഹരണം പദകേളി, പദപ്പയറ്റ്, കേട്ടെഴുത്ത്, പദച്ചങ്ങല...

## പഠന നേട്ടങ്ങൾ

അറബി ഭാഷ എഴുത്തിനും വായനക്കും പദ സമ്പത്തിന്റെ കുറവ് ഒരു പരിധിവരെ ഈ പ്രവർത്തനങ്ങളിലൂടെ സാധ്യമാക്കുന്നു. കൂടാതെ വർഷാവസാനമാകുമ്പോൾ നിഘണ്ടു രൂപത്തിലുള്ള അറബി പദങ്ങളുടെ ഒരു ശേഖരം കുട്ടിക്ക് ലഭ്യമാകുന്നു.